പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3208 21.06.2013-ൽ മറുപടിക്ക്.

## കാർഷിക മേഖലയിലെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ.സാജു പോൾ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപ്പുവർഷത്തെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് വെളിപ്പെടുത്തുമോ; | (എ) ഓരോ വാർഷിക പദ്ധതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭകളിലൂടെയും വികസനസെമിനാറുകളിലൂടെയും ഉയർന്നു വന്ന പ്രാദേശികമായ വികസന ആവശ്യങ്ങൾ മുൻനിർത്തിയാണ് പദ്ധതികൾ രൂപപ്പെടുത്തുന്നത്. പദ്ധതി രൂപീകരണത്തിൽ ഉല്പാദന മേഖല സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. ഉല്പാദന മേഖലയ്ക്ക് വകയിരുത്താവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) മുൻ വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) ഉണ്ട്. പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും അവലോകനം നടത്തിയിട്ടുണ്ട്. |
| (സി) പദ്ധതികളുടെ നടത്തിപ്പിന് എന്ത് തുകയാണ് പ്രസ്തുത വർഷം നീക്കി വച്ചത്: എത്ര തുക ചെലവായി; | (സി) & (ഡി) ഓരോ പദ്ധതിയ്ക്കും തുക മാറ്റി വയ്ക്കുന്നതും ചെലവാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനാൽ ഓരോ പദ്ധതിയ്ക്കും മാറ്റിവച്ചതിന്റെയും ചെലവാക്കിയതിന്റെയും കണക്ക് സംസ്ഥാന തലത്തിൽ സൂക്ഷിക്കുന്നില്ല. |
| (ഡി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നടപ്പുവർഷത്തെ വാർഷിക പദ്ധതിയുടെ എത്ര ശതമാനമാണ് നീക്കിവെച്ചിട്ടുള്ളതെന്നറിയിക്കാമോ? | |

സെക്ഷൻ ആഫീസർ